**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

**2023 ജനുവരി 6**

# വാർത്താക്കുറിപ്പ്

---

## അക്കാദമിക് കാർണിവൽ എല്ലാ വർഷവും നടത്തുന്നത് പരിഗണനയിൽ- പ്രഫ. സാബു തോമസ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആഭിമുഖ്യത്തിലുള്ള ഗ്ലോബൽ അക്കാദമിക് കാർണിവൽ എല്ലാ വർഷവും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതായി വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു. യുനോയ 2023 ഗ്ലോബൽ അക്കാദമിക് കാർണിവലിൻറെ മുന്നൊരുക്കങ്ങളുടെ ഭാഗമായി നടന്ന കോളജ് പ്രിൻസിപ്പൽമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജനുവരി 17 മുതൽ 19 വരെ കോട്ടയം നഗരത്തിൽ ഏഴ് വേദികളിലായി നടക്കുന്ന അക്കാദമിക് കാർണിവൽ സർവകലാശാലയ്ക്കും അഫിലിയേറ്റഡ് കോളജുകൾക്കും വിദ്യാർഥി സമൂഹത്തിനും പ്രയോജനപ്രദമാകും.
അക്കാദമിക്, ഗവേഷണ മേഖലകളിൽ ലഭ്യമായ പഠന സൗകര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ സന്ദർശകർക്ക് നൽകാൻ ഉപകരിക്കുന്ന വിധത്തിൽ സ്റ്റാളുകൾ സജ്ജമാക്കാൻ കോളജുകൾ ശ്രദ്ധിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

കാർണിവലിൽ പങ്കെടുക്കുന്നതിനുള്ള രജിസ്ട്രേഷൻ ഫീസ് കോളജ് പ്രിൻസിപ്പൽമാർ വൈസ് ചാൻസലർക്ക് കൈമാറി. സിൻഡിക്കേറ്റ് അംഗങ്ങളായ പി. ഹരികൃഷ്ണൻ, ഡോ. ബിജു തോമസ്, ഡോ. എസ്. ഷാജില ബിവി, ബാബു മൈക്കിൾ, സർവകലാശാലാ രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ഫിനാൻസ് ഓഫീസർ ബിജു മാത്യു തുടങ്ങിയവർ പങ്കെടുത്തു.

എം.ജി. സർവകലാശാലയിലെയും അഫിലിയേറ്റഡ് കോളജുകളിലെയും ഉന്നത പഠന, ഗവേഷണ സാധ്യതകൾ അടുത്തറിയാൻ വിദ്യാർഥികൾക്ക് അവസരമൊരുക്കുന്നതിന് ലക്ഷ്യമിട്ടാണ് അക്കാദമിക് കാർണിവൽ സംഘടിപ്പിക്കുന്നത്. വിദ്യാഭ്യാസ പ്രദർശനം, ശിൽപ്പശാലകൾ, സെമിനാറുകൾ, പുസ്തകമേള, കലാസാംസ്കാരിക സദസ്, വിളംബര ഘോഷയാത്ര തുടങ്ങിയവ പരിപാടിയുടെ ഭാഗമായി നടക്കും

**ഫോട്ടോ കാപ്ഷൻ:**

മഹാത്മാ ഗാന്ധി സർവകലാശാല ജനുവരി 17 മുതൽ 19 വരെ കോട്ടയത്ത് സംഘടിപ്പിക്കുന്ന യുനോയ 2023 ഗ്ലോബൽ അക്കാദമിക് കാർണിവലിൻറെ രജിസ്ട്രേഷൻ ഫീസ് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് മൂവാറ്റുപുഴ നിർമല കോളജ് പ്രിൻസിപ്പൽ ഡോ. കെ.വി. തോമസിൽനിന്ന് സ്വീകരിക്കുന്നു. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, പി. ഹരികൃഷ്ണൻ, ഡോ. എസ്. ഷാജില ബീവി, ബാബു മൈക്കിൾ എന്നിവർ സമീപം.

(പി.ആർ.ഒ./39/1817/2022)

## ബ്രെയിൻ ഗെയിൻ പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കമായി

ഉന്നത വിദ്യാഭ്യാസ മേഖലയുടെ കാലോചിതമായ പരിഷ്കരണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ബ്രെയിൻ ഗെയിൻ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് ആദ്യമായി മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കമായി.

സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനത്തിന് വലിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്ന രീതിയിലാണ് പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

വിവിധ മേഖലകളിൽ ശ്രദ്ധേയ നേട്ടങ്ങൾ കൈവരിച്ച അന്താരാഷ്ട്ര തലത്തിലുള്ള വിദഗ്ധരുടെ കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തിൻറെ ഉന്നത വിദ്യാഭ്യാസ, വൈജ്ഞാനിക മണ്ഡലങ്ങളെ ശക്തിപ്പെടുത്തുകയാണ് പദ്ധതിയുട മുഖ്യ ലക്ഷ്യം.

മക് ഗിൽ യൂണിവേഴ്സിറ്റിയിലെ അധ്യാപകൻ ഡോ ടി.വി. പോൾ മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. സി. വിനോദൻ അധ്യക്ഷത വഹിച്ചു.

(പി.ആർ.ഒ./39/1818/2022)

## സർവകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പ്; വിജ്ഞാപനമായി

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെൻറ് സ്റ്റുഡൻറ്സ് യൂണിയൻ (202223) തെരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം സർവകലാശാല ഓഫീസിലും വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചു.

പ്രാഥമിക വോട്ടർ പട്ടിക ജനുവരി ഒൻപതിന് പ്രസിദ്ധീകരിക്കും.

വോട്ടർ പട്ടിക സംബന്ധിച്ച പരാതികൾ ജനുവരി 12 ന് ഉച്ചകഴിഞ്ഞ് രണ്ടു വരെ സമർപ്പിക്കാം.

(പി.ആർ.ഒ./39/1819/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജനുവരി 23ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.ആർക്ക് (2020 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 11 വരെ അപേക്ഷ നൽകാം.

പിഴയോടു കൂടി ജനുവരി 12 നും സൂപ്പർ ഫൈനോടു കൂടി ജനുവരി 13 നും അപേക്ഷ സ്വീകരിക്കും.

റഗുലർ വിദ്യാർഥികൾ പരീക്ഷാ ഫീസിനൊപ്പം 240 രൂപ സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ./39/1820/2022)

## ടൈം ടേബിൾ പരിഷ്ക്കരിച്ചു.

അഫിലിയേറ്റഡ് കോളേജുകളുടെ നാലാം സെമസ്റ്റർ എം.എസ്.സി (സി.എസ്.എസ് - 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളോടൊപ്പം എം.എ ഇക്കണോമെട്രിക്സ്, എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി എന്നീ പ്രോഗ്രാമുകളുടെ പരീക്ഷകൾ കൂടി ഉൾപ്പെടുത്തി. പരീക്ഷകൾ ജനുവരി 11 ന് ആരംഭിക്കും.

(പി.ആർ.ഒ./39/1821/2022)

## വൈവ വോസി

നാലാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആൻറ് ഹോസ്പിറ്റാലിറ്റി (പുതിയ സ്കീം, 2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2018 അഡ്മിഷൻ സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ജനുവരി ഒൻപതു മുതൽ നടത്തും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1822/2022)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഫുഡ് സയൻസ് ആൻറ് ക്വാളിറ്റി കൺട്രോൾ സി.ബി.സി.എസ് (2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി ഒൻപതു മുതൽ അതത് കോളജുകളിൽ നടത്തും.

..................................

രണ്ടാം സെമസ്റ്റർ ഹോട്ടൽ മാനേജ്മെൻറ് ആൻറ് കലിനറി ആർട്ട്സ് (സി.ബി.സി.എസ്, പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019,2018,2017 അഡ്മിഷൻ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 11 മുതൽ സൂര്യനെല്ലി, മൗണ്ട് റോയൽ കോളജിൽ നടത്തും.

..................................

രണ്ടാം സെമസ്റ്റർ എം.എസ്.സി. അപ്ലൈഡ് മൈക്രോബയോളജി (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷൻ സപ്ലിമെൻററി -

നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 12, 13 തീയതികളിൽ പാലാ, സെൻറ് തോമസ് കോളജിൽ നടത്തും.

……………………………………

നാലാം സെമസ്റ്റർ ബി.വോക്ക് അപ്ലൈഡ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, ബിസിനസ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷൻ റീ-അപ്പിയറൻസ്, ഇംപ്രൂവ്മെൻറ് - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 11 മുതൽ 13 വരെ അതത് കേന്ദ്രങ്ങളിൽ നടത്തും.

………………………………………

രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോനാനോടെക്നോളജി (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020 അഡ്മിഷൻ സപ്ലിമെൻററി - നവംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 12 ന് തിരുവല്ല, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ(എം.എ.സി.എഫ്.എ.സി.റ്റി) നടത്തും.

…………………………………

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ മൃദംഗം (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017,2018,2019,2020 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഒക്ടോബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 10, 11 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടത്തും.

ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1 823/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**